**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. T 1450

11.06.2019-ൽ
മറുപടിയ്ക്ക്

**കലവറ വിപണന കേന്ദ്രങ്ങൾ**

| | **ചോദ്യം**<br>ശ്രീമതി. പി. അയിഷാ പോറ്റി | | **ഉത്തരം**<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കലവറ വിപണന കേന്ദ്രങ്ങൾ നിലവിൽ എവിടെയെല്ലാം പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) | കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കീഴിൽ വിവിധ ജില്ലകളിലായി 15 കലവറ വിപണന കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു.<br>തിരുവനന്തപുരം: വട്ടിയൂർക്കാവ്, കാരോട്<br>കൊല്ലം: കല്ലുവാതിക്കൽ<br>പത്തനംതിട്ട: അടൂർ, കോഴഞ്ചേരി<br>കോട്ടയം: പാല, നീണ്ടൂർ, ഉദയനാപുരം<br>ഇടുക്കി: മുട്ടം (തൊട്ടുപുഴ)<br>എറണാകുളം: കളമശ്ശേരി, ഇടക്കാട്ടുവയൽ<br>പാലക്കാട്: അഗളി, ചിറ്റൂർ, പാലക്കാട്<br>കോഴിക്കോട്: കോഴിക്കോട് |
| (ബി) | പ്രസ്തുത കേന്ദ്രങ്ങളിൽ നിന്നും ലഭ്യമാകുന്ന സാധനങ്ങൾ ഏതെല്ലാമാണെന്നും അത് ലഭ്യമാകുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ? | (ബി) | സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന കലവറകളിൽ നിന്നും 750 ചതുരശ്ര അടി വരെ തറ വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്ന ബി.പി.എൽ. ഗുണഭോക്താക്കൾക്ക് സിമന്റ്, സ്റ്റീൽ എന്നിവ പൊതു വിപണിയിലെ വിലയെക്കാൾ 15 ശതമാനത്തോളം കുറഞ്ഞ നിരക്കിൽ നല്കി വരുന്നു. ഇതിനായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന വീടിന്റെ അംഗീകരിച്ച പ്ലാൻ, ബി.പി.എൽ ആണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് സഹിതം അതാത് കലവറയിൽ അപേക്ഷ നൽകണം. കൂടാതെ, സർക്കാർ പിടിച്ചെടുക്കുന്ന അനധികൃത മണൽ, ലഭ്യതയ്ക്കനുസരിച്ച് സർക്കാർ അംഗീകരിച്ച നിരക്കിൽ കലവറ മുഖേന ആവശ്യക്കാർക്ക് നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ